ആർ.ബി.ഐ/2004-05/479
സൂചന നമ്പർ സി.ഒ.ഡി.റ്റി. 15/02-001
എച്ച് - 9844-9866/2004-05

മെയ് 25, 2005
ജ്യേഷ്ഠം-4-1927(എസ്)

ദി ജനറൽ മാനേജർ
ഗവൺമെന്റു അക്കൗണ്ട്സ് വകുപ്പ്

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും അസോസിയേറ്റ് ബാങ്കുകളും/അലഹബാദ് ബാങ്ക്/ ബാങ്ക് ഓഫ് ബറോഡ/ബാങ്ക് ഓഫ് ഇന്ത്യ/ബാങ്ക് ഓഫ് മഹാരാഷ്ട്ര/കാനറാ ബാങ്ക്/ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ/കോർപ്പറേഷൻ ബാങ്ക്/ദേന ബാങ്ക്/ഇന്ത്യൻ ബാങ്ക്/ഇന്ത്യൻ ഓവർസീസ് ബാങ്ക്/പഞ്ചാബു നാഷനൽ ബാങ്ക്/സിൻഡിക്കേറ്റ് ബാങ്ക്/യൂക്കോ ബാങ്ക്/യൂണി യൻ ബാങ്ക് ആഫ് ഇന്ത്യ/യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ

സർ,

**പബ്ലിക് പ്രോവിഡന്റു ഫണ്ടു പദ്ധതി 1968 വിശദീകരണം**

2005 മെയ് 14-ാം തീയതിയിലെ ഞങ്ങൾ അയച്ച സർക്കുലർ നമ്പർ സി.ഒ.ഡി.റ്റി. 15.02.001/എച്ച്-9593-9615/2004-05 ഉം 1968-ലെ പി.പി.എഫ് പദ്ധതി 2005 മെയ് 13 മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ ഭേദഗതി ചെയ്തറിയിക്കുന്ന ധനകാര്യ മന്ത്രാലയത്തിന്റെ മെയ് 13, 2005ലെ ഭാരതസർക്കാർ നോട്ടിഫിക്കേഷനും കാണുക

2. ഇതു സംബന്ധിച്ചു ഭാരതസർക്കാർ ധനകാര്യ മന്ത്രാലയം 2005 മെയ് 20-ാം തീയതിയിലെ ലറ്റർ എഫ് നമ്പർ 2/8/2005 എൻ.എസ് II ൽ മറ്റു പലതിന്റേയും കൂട്ടത്തിൽ താഴെ പറയുന്ന വിശദീകരണം നൽകിയിരിക്കുന്നു.

I) ലഘു സമ്പാദ്യ പദ്ധതികൾ വ്യക്തികൾക്കു മാത്രമായ നിക്ഷേപങ്ങളായി നിയന്ത്രിക്കുന്ന ഭേദഗതി പ്രകാരം നിയമപരിധിയുള്ള സ്ഥാപനങ്ങളുടെ (എച്ച് യു എഫുകൾ, ട്രസ്റ്റുകൾ, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ) വ്യക്തകളാത്തവരുടെയോ (മൈനറുകളുടെയോ മനോവൈകല്യമുള്ളവരുടെയോ രക്ഷിതാക്കൾ നിയമപ്രകാരം നോക്കിനടത്തുന്ന സിംഗിൽ/സംയുക്ത അക്കൗണ്ടോ നിക്ഷേപമോ) അക്കൗണ്ടുകൾ പബ്ലിക് പ്രൊവിഡന്റ് ഫണ്ട് സ്കീം 1968 ഉൾപ്പെടെയുള്ള ലഘു സമ്പാദ്യ പദ്ധതികൾക്കു വിധേയമായി 2005 മെയ് 13 നു മുമ്പ് ഇവ പ്രവർത്തനക്ഷമമല്ലെന്നു തീർപ്പുകൽപ്പിക്കുകയും ഉടൻതന്നെ ഈ അക്കൗണ്ടുകൾ ക്ലോസ്

ചെയ്ത് യാതൊരു പലിശയും കൂടാതെ പണമടച്ചവർക്ക് തിരികെ നൽകുകയും ചെയ്യണം.

II) 2005 മെയ് 13-നു മുൻപുള്ള ഭേദഗതികൾക്കു മുൻപ് ആരംഭിച്ച നിക്ഷേപ പദ്ധതികൾക്കു മുകളിൽ പറഞ്ഞ ഭേദഗതികൾ ബാധകമല്ല.

ഇവ പക്വമാക്കുന്നതുവരെ തുടരും. അതു മുകൾ പറഞ്ഞ ചട്ടങ്ങളനുസരിച്ചു ഈ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്. നിലവിലുള്ള അക്കൗണ്ടുകൾക്ക് ദൈർഘ്യം നൽകുന്നെങ്കിൽ അത് 2005 മെയ് 13-നുള്ള ഭേദഗതികൾക്കു വിധേയമായിരിക്കും.

3. മുകൾ പറഞ്ഞതിന്റെ വെളിച്ചത്തിൽ നിങ്ങൾ നിങ്ങളുടെ നിർദ്ദിഷ്ട ബ്രാഞ്ചുകൾക്കും 1968-ലെ പി.പി.എഫ് പദ്ധതി നടപ്പാക്കുന്ന ഓഫീസുകൾക്കു തക്കതായ നിർദ്ദേശം കൊടുത്തു അവ കർശനമായി നടപ്പാക്കുന്നത് ഉറപ്പുവരുത്തണം.

4. കത്തു കിട്ടിയ വിവരം അറിയിക്കുക

വിശ്വസ്തതയോടെ

**(ഡി. രാജഗോപാലറാവു)**

ഡപ്യൂട്ടി ജനറൽ മാനേജർ